DISTRICT TOURISM PROMOTION COUNCIL
a Government of Kerala Undertaking

പത്രക്കുറിപ്പ് 01. 04.2019

## പ്രകൃതി പഠന നിരീക്ഷണ ക്യാമ്പ്

തിരുവനന്തപുരം: കുട്ടികളിൽ പ്രകൃതി- പരിസ്ഥിതി- സാമൂഹിക അവബോധം വളർത്തുന്നതിന്റെ ഭാഗമായി ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും (ഡിടിപിസി) എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആൻഡ് റിസർച്ച് കൗൺസിലും സംയുക്തമായി പ്രകൃതി പഠന നിരീക്ഷ ക്യാമ്പ് സംഘടിപ്പിക്കുന്നു.

ഡിടിപിസി നിയന്ത്രണത്തിലുള്ള ആക്കുളം ചിൽഡ്രൻസ് പാർക്കും സ്വിമ്മിംഗ് പൂളും കേന്ദ്രീകരിച്ച് ഏപ്രിൽ 7 മുതൽ മേയ് 15 വരെ നടക്കുന്ന ക്യാമ്പിൽ പത്തു മുതൽ 15 വയസ്സുവരെയുള്ളവർക്ക് പങ്കെടുക്കാം.

നാട്ടറിവുകളുടെ കലവറകൾ തേടിയുള്ള വിജ്ഞാനപ്രദമായ യാത്രകൾ, പ്ലാനറ്റേറിയം സന്ദർശനം. ആദിവാസി രുചികൾ തേടിയുള്ള വനയാത്ര, പുഴയറിയാൻ പുഴയോര യാത്ര, ആനകളെ അറിയാൻ, യോഗ, നീന്തൽ പരിശീലനം, ശാസ്ത്ര-സാമൂഹിക- പാരിസ്ഥിതിക വിഷയങ്ങൾ അടിസ്ഥാനമാക്കിയ വിവിധ ക്ലാസ്സുകൾ എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

രാവിലെ 9.30 മുതൽ വൈകിട്ട് 4.30 വരെയാണ് ക്യാമ്പ്. പഠനയാത്രകളുള്ള ദിവസങ്ങളിൽ രാവിലെ 7.30 നു തുടങ്ങി വൈകിട്ട് 5.45 ന് അവസാനിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന മുപ്പത് പേർക്ക് മാത്രമാണ് പ്രവേശനം.

വിശദവിവരങ്ങൾക്ക്: 8921302518, 9847878502

Opp. Raj Bhavan, Vellayambalam, Kowdiar P.O., Thiruvananthapuram-695 003
Tel. 0471 2315397, 2313606, E-mail: info@dtpcthiruvananthapuram.com

kerala God's Own Country